പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2050 — 12.02.2013-ൽ മറുപടിക്ക്

## അഴീക്കോട് മുനയ്ക്കൽ ഫിഷ് ലാന്റിംഗ് സെന്ററിന്റെ നിർമ്മാണ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.എസ്. സുനിൽകുമാർ | ശ്രീ. കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) അഴീക്കോട് മുനയ്ക്കൽ ഫിഷ് ലാന്റിംഗ് സെന്ററിന്റെ മുടങ്ങിക്കിടക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ പുനരാരംഭിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കമോ; | (എ) M/s സൗരാഷ്ട്ര സിമന്റ്സ് കമ്പനി ഹൈക്കോടതിയിൽ നിന്നും സ്റ്റേ വാങ്ങിയതുമൂലം മുടങ്ങിക്കിടക്കുന്ന പ്രവർത്തനങ്ങൾ പുനരാരംഭിക്കുന്നതിന് സ്റ്റേ നീക്കിക്കിട്ടുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ച് വരുന്നു. |
| (ബി) ഇക്കാര്യത്തിൽ ഒരു സ്വകാര്യ കമ്പനി നേടിയ ഹൈക്കോടതി സ്റ്റേ നീക്കം ചെയ്യുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കമോ? | (ബി) ഹൈക്കോടതി സ്റ്റേ നിലനിൽക്കുന്ന കേസിൽ സത്യവാങ്മൂലം ഫയൽ ചെയ്യുന്നതിനുള്ള നടപടി സർക്കാർ സ്വീകരിച്ച് വരുന്നു. കാർഗോ തുറമുഖ നിർമ്മാണത്തിനായി 170 m straight water front തുറമുഖ വകുപ്പിന്റെ അധീനതയിൽ ഇപ്പോൾത്തന്നെയുണ്ട്. ചുരുങ്ങിയത് 200 മീറ്റർ വാട്ടർ ഫ്രണ്ട് ക്ലിങ്കർ യൂണിറ്റ് നിർമ്മാണത്തിനാവശ്യമാണെന്ന് പോർട്ട് ഡയറക്ടർ സർക്കാരിനെ അറിയിച്ചതിനാൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെ അധീനതയിലുള്ള 30 മീറ്റർ വാട്ടർ ഫ്രണ്ട് പോർട്ട് വകുപ്പിന്റെ ആവശ്യത്തിനനുസരിച്ച് വിട്ടുകൊടുക്കുന്നതിന് 17/01/13-ൽ കൂടിയ യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്. |

Jayasree

സെക്ഷൻ ഓഫീസർ